# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3820 20/07/2015-ൽ മറുപടിക്ക്

### <u>മലപ്പുറത്തെ ശ്രീമതി ഷഹന ആസിഫയുടെ അപേക്ഷ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. പി.കെ.ബഷീർ: | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) മലപ്പുറം മേൽമുറി എ.എം.ഇ.ടി സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി ഷഹന ആസിഫയുടെ അപേക്ഷയും ഹൈക്കോടതിയിൽ നിന്നും ഇക്കാര്യത്തിലുള്ള നിർദ്ദേശവും ലഭിച്ചിരുന്നോ ;<br><br>(ബി) പ്രസ്തുത വിഷയം സംബന്ധിച്ചുള്ള 17757/E2/13/G.Edn ഫയലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) മലപ്പുറം മേൽമുറി എ.എം.ഇ.ടി. എച്ച്.എസ്-ലെ ഹൈസ്കൂൾ (ഇംഗ്ലീഷ്) അദ്ധ്യാപികയായ ശ്രീമതി ഷഹന ആസിഫയുടെ 9/9/2013 ലെ അപേക്ഷ ബഹു.ഹൈക്കോടതിയിൽ ടിയാൾ ഫയൽ ചെയ്ത 21352/13 റിട്ട് പെറ്റീഷനിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിക്കുകയുണ്ടായി. കെ.ഇ.ആർ. അനുശാസിക്കുന്ന ചട്ടങ്ങളും നിലവിലുള്ള ഉത്തരവുകളും അനുസരിച്ച് ശ്രീമതി ഷഹന ആസിഫയുടെ 01/6/2011 ന് മുമ്പുള്ള സേവനകാലയളവ് അംഗീകരിക്കണമെന്ന അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ച് സർക്കാർ സ.ഉ.(സാധാ) നം.589/15/പൊ.വി. തീയതി 9/2/2015 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

(സി) സമാനമായ കേസിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആർക്കെല്ലാമാണ് അംഗീകാരം നൽകിയിട്ടുള്ളത് ; ഒരേ വിഷയത്തിൽ ഒരാൾക്ക് കോടതിയുടെ നിർദ്ദേശപ്രകാരം അനുമതി നൽകുകയും മറ്റൊരാൾക്ക് കോടതി നിർദ്ദേശമുണ്ടായിട്ടും നൽകാതിരിക്കുകയും ചെയ്യുന്നത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനം അടിയന്തിരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

(സി) &(ഡി) വിവരം ശേഖരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**